**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 150** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പാറശ്ശാല താലൂക്ക് ആശുപത്രി പുതിയ കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നത് സംബന്ധിച്ച്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല താലൂക്ക് ആശുപത്രിയിൽ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത പുതിയ ആശുപത്രി കെട്ടിടത്തിലെ ഓപ്പറേഷൻ തിയേറ്റർ, ലാബ്, ഐ.സി.യു. സൗകര്യങ്ങൾ എന്നിവ ഇതുവരെയും പൂർണ്ണമായും പ്രവർത്തനസജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലാബ് സേവനങ്ങൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്. പുതിയ ഒ.പി. കെട്ടിടത്തിൽ ആകെ 3 മോഡ്യുലാർ ഓപ്പറേഷൻ തീയറ്ററുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയുടെ സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മോഡ്യുലാർ ഓപ്പറേഷൻ തീയറ്ററുകളുടെ നിർമ്മാണം കെ.എം.എസ്.സി.എൽ. മുഖേന നടപ്പിലാക്കിവരുന്നു. ഇതിൽ ഒരു മോഡ്യുലാർ ഓപ്പറേഷൻ തീയറ്ററിന്റെ നിർമ്മാണം പൂർത്തിയായി കൈമാറ്റ ഘട്ടത്തിലാണുള്ളത്. ശേഷിക്കുന്ന രണ്ട് മോഡ്യുലാർ ഓപ്പറേഷൻ തീയറ്ററുകൾക്കായുള്ള സപ്ലൈ ഓർഡറും വർക്ക് ഓർഡറും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ഈ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയ 21 സി.എസ്.എസ്.ഡി. ഉപകരണങ്ങളിൽ 20 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ആർ.ഒ. വാട്ടർ പ്ലാന്റിന്റെ വിതരണവുമായി ബന്ധപ്പെട്ടവർക്ക് ഓർഡർ നൽകുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. സി.എസ്.എസ്.ഡി. സംവിധാനം പൂർണതോതിൽ പ്രവർത്തന സജ്ജമാകാത്തതിനാൽ ഓപ്പറേഷൻ തീയറ്ററുകളുടെ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ഇതുമൂലം ജനറൽ ഐ.സി.യു., സർജിക്കൽ ഐ.സി.യു. എന്നിവയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇ.എൽ.വി യുമായി ബന്ധപ്പെട്ട (Extra Low Voltage) പ്രവർത്തനങ്ങൾ ഏകദേശം 90 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

മോഡ്യുലാർ ഓപ്പറേഷൻ തീയറ്ററുകൾ, സി.എസ്.എസ്.ഡി. സംവിധാനം, ആർ.ഒ. വാട്ടർ പ്ലാന്റ്, ശേഷിക്കുന്ന ഇ.എൽ.വി. പ്രവർത്തനങ്ങൾ എന്നിവ പൂർത്തിയാകുന്നതോടെ ഓപ്പറേഷൻ തീയറ്ററുകളും അതിനോട് അനുബന്ധിച്ച ജനറൽ ഐ.സി.യു., സർജിക്കൽ ഐ.സി.യു. സൗകര്യങ്ങളും പ്രവർത്തനസജ്ജമാക്കുവാൻ സാധിക്കുന്നതാണ്.

പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ ചുമതല കിറ്റ്കോ (KITCO) എന്ന ഏജൻസിക്കാണ് നൽകിയിരുന്നത്. പദ്ധതിക്ക് ₹46.86 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിരുന്നു. ഇതിൽ മെഡിക്കൽ ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങുന്നതിനായി ₹3.50 കോടി രൂപ വകയിരുത്തിയിരുന്നു. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 38.6067 കോടിയുടെ പുതുക്കിയ

സാമ്പത്തിക അനുമതിയും ഉപകരണങ്ങൾ, സി.എസ്.എസ്.ഡി., മോഡ്യുലാർ ഓപ്പറേഷൻ തീയറ്റർ എന്നിവ ഉൾപ്പെടെയുള്ള വാങ്ങലുകൾക്കായുള്ള ₹4,65,59,811/- രൂപയുടെ സാമ്പത്തികാനുമതിയുമാണ്. കെട്ടിട നിർമ്മാണവും ഉപകരണങ്ങളുടെ വാങ്ങലും ഓപ്പറേഷൻ തീയറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള ആകെ സാമ്പത്തികാനുമതി 43.2626811 കോടി രൂപയാണ്.

**(ബി)** പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മണ ചുമതല ഏത് ഏജൻസിക്കായിരുന്നുവെന്നും നിർമ്മാണത്തിനായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഉദ്ഘാടനം നടത്തിയിട്ടും ഓപ്പറേഷൻ തിയേറ്റർ, ലാബ്, ഐ.സി.യു. സൗകര്യങ്ങൾ എന്നിവ പൂർണ പ്രവർത്തനസജ്ജമാകാതിരിക്കാൻ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കാനുള്ളത് എന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** ആശുപത്രിക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ, സാങ്കേതിക സംവിധാനങ്ങൾ, ജീവനക്കാരുടെ ലഭ്യത എന്നിവ ഉറപ്പാക്കി എപ്പോൾ പൂർണമായും പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**